ഉത്തരം

(എ) നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്നും ഇതിനകം 143 പേരെ നിയമിച്ചിട്ടുണ്ട്. ജാതി തിരിച്ചുള്ള വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) ഇല്ല.

(സി) ഇപ്പോൾ മൂന്ന് മെഡിക്കലാഫീസർമാരുടെ ഒഴിവുകൾ നിലവിലുണ്ട്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ബാധകമല്ല.

(എഫ്) അടിയന്തിര നടപടി സ്വീകരിച്ചുവരുന്നു.

145 (771) റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ നടപടി

ശ്രീ. ടി.കെ. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ആരോഗ്യവകുപ്പിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിലേയ്ക്ക് ഇന്റർവ്യൂ നടന്നത് എന്നാണ്;

(ബി) ഇന്റർവ്യൂ നടന്നതിന്ശേഷം റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(സി) ഇന്റർവ്യൂവിന് എത്ര പേരാണ് ഹാജരായത്;

(ഡി) ഇന്റർവ്യൂ നടന്ന് മാസങ്ങളായിട്ടും നിയമനം നടത്താതിരിക്കാൻ കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(ഇ) എന്നത്തേയ്ക്ക് നിയമനം നടത്താൻ കഴിയും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിൽ ആരോഗ്യവകുപ്പിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ലാസ്റ്റ് ഗ്രേഡ് തസ്തികയിലേയ്ക്ക് ഇന്റർവ്യൂ നടത്തിയിട്ടില്ല.

(ബി)-(ഇ) ചോദ്യം ഉദിക്കുന്നില്ല.

146 (772) കോഴിക്കോട് ഐ.എം.ഡി.എച്ച്. ലെ നഴ്സുമാരുടെ നിയമനം

ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ഐ.എം.സി.എച്ച് ൽ 1998 -ൽ എത്ര പ്രസവം നടന്നു;

(ബി) ഈ വർഷം ഒരു ദിവസം ശരാശരി എത്ര പ്രസവം നടന്നുവെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ആശുപത്രിയിലെത്തുന്ന ഗർഭിണികളുടെ എണ്ണത്തിലുണ്ടായ വർധനവ് കണക്കിലെടുത്ത് നഴ്സുമാരെ നിയമിച്ചിട്ടുണ്ടോ;

(ഡി) ആവശ്യത്തിന് നഴ്സുമാരില്ലാത്തതിനാൽ നിലവിലുള്ളവരുടെ ജോലി ഭാരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ എന്ത് പരിഹാര നടപടികളാണ് കൈകൊള്ളാൻ ഉദ്ദേശിക്കുന്നത് എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) 27692.

(ബി) 90.

(സി) അനുവദിക്കപ്പെട്ടിട്ടുള്ള കിടക്കകളുടെ എണ്ണം കണക്കാക്കിയാണ് ഡോക്ടർമാരുടെയും നഴ്സുമാരുടേയും തസ്തികകൾ അനുവദിക്കുന്നത്.

(ഡി)&(ഇ)അവിടെ 176 നഴ്സുമാരുടെ തസ്തികയുള്ളതിൽ 173 പേർ ജോലിചെയ്യുന്നുണ്ട്. ഒഴിവുള്ള തസ്തികകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

147 (773) പിറവം ഗവൺമെന്റ് ആയുർവേദ ആശുപത്രിയുടെ പുതിയ കെട്ടിടം

ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിറവം ഗവൺമെന്റ് ആയുർവേദ ആശുപത്രിയുടെ 50 കിടക്കകളുടെ പുതിയ കെട്ടിടത്തിന്റെ പണി എന്നാണ് പൂർത്തിയായത്;

(ബി) ഈ കെട്ടിടത്തിലേക്ക് നിലവിലുള്ള ആശുപത്രി മാറ്റി പ്രവർത്തിപ്പിക്കുന്നതിന് എന്താണ് ഇപ്പോൾ തടസ്സമുള്ളത്;

(സി) കെട്ടിടം പണിയുന്നതിനുള്ള ഗവൺമെന്റ് ഉത്തരവ് എന്നാണ് പുറപ്പെടുവിച്ചത്; കെട്ടിടം പണിക്ക് എന്തുതുക ചെലവഴിച്ചിട്ടുണ്ട്;

(ഡി) നിലവിൽ 10 കിടക്കകളുള്ള ഈ ആശുപത്രിയിൽ എത്ര ജീവനക്കാരുണ്ട്;

(ഇ) 50 കിടക്കകളുള്ള ആശുപത്രിയായി പ്രവർത്തനം ആരംഭിക്കുമ്പോൾ എത്ര ജീവനക്കാർ അധികമായി വേണ്ടിവരും;

(എഫ്) പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 15.5.99-ൽ പണി പൂർത്തിയായി.

(ബി) വെള്ളം, വെളിച്ചം എന്നിവ ഇപ്പോൾ ലഭ്യമല്ലാത്തതിനാലാണ് മാറ്റി പ്രവർത്തിപ്പിക്കാത്തത്. ആയത് ലഭ്യമാക്കാൻ പഞ്ചായത്തിനോട് ആവശ്യപ്പെടുകയും ആയത് ഉടൻ ലഭ്യമാക്കി തരുന്നതാണെന്ന് പഞ്ചായത്തധികൃതർ ഉറപ്പ് നൽകുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly